(സി&ഡി) ഗവൺമെന്റ് സ്കൂളുകളിൽ പി.എസ്.സി. മുഖേനയാണ് നിയമനം നടത്തുന്നത്. ഡിവിഷൻ ഫാൾമൂലം തസ്തിക നഷ്ടപ്പെട്ടാൽ പ്രസ്തുത അദ്ധ്യാപകനെ വേക്കൻസി ഉള്ള സ്കൂളുകളിൽ നിയമിക്കും. ഗവൺമെന്റ് സ്കൂളുകളിൽ എൽ.പി വിഭാഗത്തിനും യു.പി. വിഭാഗത്തിനും വെവ്വേറെയാണ് പി.എസ്.സി. റിക്രൂട്ട്മെന്റ് നടക്കുന്നത്.

ബദൽ സ്കൂൾ അദ്ധ്യാപകരുടെ ജോലി സ്ഥിരത

59 (3806) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബദൽ സ്കൂൾ അദ്ധ്യാപകർക്ക് ജോലി സ്ഥിരത നൽകുന്നതിനുള്ള നടപടികളെന്തെങ്കിലും പരിഗണനയിലുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) ഇത്തരം സ്കൂളുകളുടെ പ്രവർത്തനത്തെക്കുറിച്ച് പഠിക്കാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(സി) ബദൽ സ്കൂളുകളിൽ സംസ്ഥാനത്തൊട്ടാകെ എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്നാണ് സർക്കാർ കണക്കാക്കിയിട്ടുള്ളത് ;

(ഡി) ഈ സ്കൂളുകൾ നിർത്തലാക്കണമെന്ന നിർദ്ദേശം സർക്കാർ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) ബദൽ സ്കൂളുകളിലെ അധ്യാപകരെ കരാർ അടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. ഇവർക്ക് സ്ഥിര നിയമനം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇല്ല. എന്നാൽ 2007-08 കാലയളവിൽ ബദൽ വിദ്യാലയങ്ങളിലെ പഠന സാമഗ്രികൾ പരിഷ്കരിക്കുന്നതിന് മുന്നോടിയായി എസ്.എസ്.എ. ഇത്തരം സ്കൂളുകളുടെ പ്രവർത്തനത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്.

(സി) 11455 കുട്ടികൾ

(ഡി) വിദ്യാഭ്യാസ അവകാശ നിയമം നടപ്പിൽ വരുന്നതോടെ പ്രസ്തുത സ്കൂളുകൾ പ്രൈമറി സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യേണ്ടതുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

സ്വകാര്യ സ്കൂൾ അദ്ധ്യാപകരുടെ രാഷ്ട്രീയ പ്രവർത്തനം

60 (3807) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വകാര്യ സ്കൂൾ അദ്ധ്യാപകരുടെ രാഷ്ട്രീയ പ്രവർത്തന സ്വാതന്ത്ര്യം നിയന്ത്രിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly